**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1374** **19-09-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തിയായ എഴുത്തോംപാറ പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) | കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്‌ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടന്നു വരുന്ന എഴുത്തോംപാറ പാലം പ്രവൃത്തിയ്ക്ക് 31/10/2016 തീയതിയിലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 13/03/2024 തീയതിയിലെ ഉത്തരവ് പ്രകാരം 5.96 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്‌ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് 14/03/2025 തീയതിയിലെ ഉത്തരവ് പ്രകാരം 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 22/03/2025 തീയതിയിലെ ഉത്തരവ് പ്രകാരം 10.226 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 25/03/2025-ൽ പ്രവൃത്തി ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09/04/2025, 23/04/2025, 02/07/2025 എന്നീ തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02/07/2025-ൽ നടന്ന റീ-ടെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ്.ഡഡജ പങ്കെടുക്കുകയും LI Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above - 2018 DSoR) ക്വോട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത ടെൻഡർന് അംഗീകാരം വെച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ